# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 909 — 05.02.2020 ലെ മറുപടി

## കരമനയാർ, കിള്ളിയാർ എന്നിവയുടെ ശുചീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ : | കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കരമനയാർ, കിള്ളിയാർ എന്നിവ മാലിന്യമുക്തമാക്കുന്നത് സംബന്ധിച്ച് ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവ് നൽകിയിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഇതിന്റെ അടിസ്ഥാനത്തിൽ ജലവിഭവ വകുപ്പ് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) ബഹു: ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം ജലസേചന വകുപ്പ് സൂപ്രണ്ടിംഗ് എഞ്ചിനീയർ ചെയർപേഴ്സണും മലിനീകരണ നിയന്ത്രണ ബോർഡ് എൻവയൊൺമെന്റൽ എഞ്ചിനീയർ കൺവീനറുമായ സാങ്കേതിക സമിതി രൂപീകരിച്ചിട്ടുണ്ട്. കരമന കിള്ളിയാർ നദികൾക്ക കുറുകെയുള്ള പാലങ്ങളുടെ ഇരു വശവും ഫെൻസിംഗുകൾ സ്ഥാപിച്ച് നദിയിലേക്ക് മാലിന്യങ്ങൾ വലിച്ചെറിയുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം നദീതീരങ്ങളിൽ മാലിന്യ നിക്ഷേപം ഒഴിവാക്കുന്നതിനായി തീരങ്ങൾ ജൈവ വൈവിധ്യ ഉദ്യാനമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ്, കോർപ്പറേഷൻ, കേരള ജല അതോറിറ്റി, ജലസേചന വകുപ്പ് തുടങ്ങിയവരുടെ സംയുക്ത പദ്ധതിയുടെ ഭാഗമായി വരുന്ന പാർവ്വതി പുത്തനാറിന്റെ പുനരുദ്ധാരണം, |

ആമയിഴഞ്ചാൻ തോടിന്റെ ശുചീകരണം എന്നിവ ഏറ്റെടുത്തിട്ടുണ്ട്. നദികളുടെ മാലിന്യ മുക്തമാക്കൽ പ്രവർത്തനത്തിന്റെ ഭാഗമായി പ്രത്യേകിച്ച് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം കോർപ്പറേഷൻ, കേരള ജല അതോറിറ്റി എന്നീ ഏജൻസികളും വിവിധ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നു.

(സി) ലക്ഷക്കണക്കിന് രൂപ ചെലവഴിച്ചിട്ടും കരമനയാർ, കിള്ളിയാർ നദികൾ ഇപ്പോഴും മാലിന്യ വാഹിനികളാണെന്ന വസ്തുത പരിഗണിച്ച് ഇവയുടെ ശുചീകരണത്തിനായി സമഗ്രമായ ബോധവൽക്കരണവും നടപടികളും കൈക്കൊള്ളുമോ?

(സി) കരമന, കിള്ളി നദികളുടെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് വിവിധ ഏജൻസികളുടെ സംയുക്തവും സമഗ്രവുമായ ഇടപെടൽ ആവശ്യമാണ്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ 'പരിസരമലിനീകരണ നിർമ്മാർജ്ജന കമ്മിറ്റി' രൂപീകരിച്ച് വകുപ്പുകളുടേയും മറ്റ് ഏജൻസികളുടേയും ഏകോപനം ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ രണ്ടു നദികളുടെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് നഗര കേന്ദ്രീകൃതമായ ഇടപെടലിനു പുറമേ നദീതടത്തിലാകെയുള്ള പ്രവർത്തനവും ആവശ്യമാണ്. ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി കിള്ളിയാറിന്റെ നെടുമങ്ങാട് ഭാഗം മുതൽ കോർപ്പറേഷൻ പരിധിവരെയുള്ള ഭാഗങ്ങൾ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്, നെടുമങ്ങാട് മുനിസിപ്പാലിറ്റി എന്നിവയുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ ശുചീകരിക്കുന്ന പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം കോർപ്പറേഷന്റെ നേതൃത്വത്തിൽ കിള്ളിയാറിന്റെ നഗരഭാഗം ജനപങ്കാളിത്തത്തോടെ ശുചിയാക്കുന്നതിനുള്ള പ്രവർത്തനവും നടന്നിട്ടുണ്ട്.

ബഹു: ദേശീയ ഹരിത ട്രൈബ്യൂണലിന്റെ OA No. 673/2018 -ൽ 20.09.2018-ലെ ഉത്തരവിനെ തുടർന്ന് Proirity-1 ൽ ഉൾപ്പെട്ട കരമന, കിള്ളിയാർ എന്നിവ മാലിന്യ മുക്തമാക്കുന്നതിന്റെ ഭാഗമായി മൊബൈൽ ആപ്ലിക്കേഷൻ

ഉപയോഗിച്ച് നഗര പ്രദേശത്തു കൂടി ഒഴുകുന്ന നദിയുടെ ഇരുകരകളിലും 250 മീറ്റർ ദൂരത്തിലുള്ള വീടുകളുടെയും, മറ്റ് സ്ഥാപനങ്ങളുടെയും വിവരങ്ങൾ സോഷ്യോ എക്കണോമിക്ക് യൂണിറ്റ് വഴി സാനിറ്റേഷൻ സർവ്വേ നടത്തുകയും സർവ്വേ ഫലങ്ങൾ കൂടി ഉൾക്കൊള്ളിച്ച് കരട് കർമ്മ പദ്ധതി ഇറിഗേഷൻ വകുപ്പ്, തിരുവനന്തപുരം കോർപ്പറേഷൻ, കേരള വാട്ടർ അതോറിറ്റി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവർ ഉൾപ്പെട്ട കമ്മിറ്റി തയ്യാറാക്കുകയും കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിൽ സമർപ്പിക്കുകയും ചെയ്തു. ടി കർമ്മ പദ്ധതി ബഹു. ദേശീയ ഹരിത ട്രൈബ്യൂണൽ, OA No. 673/2018 ൽ 08.04.2019-ലെ ഉത്തരവിൽ അംഗീകരിച്ചതിനെ ത്തുടർന്ന് ആയത് വിവിധ വകുപ്പുകൾ നടപ്പിലാക്കുകയും അവയുടെ പുരോഗതി വിലയിരുത്തി വരുകയും ചെയ്യുന്നു.

**സെക്ഷൻ ഓഫീസർ**